LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള ഫയലുകളും ജീവനക്കാരും

61 (8121) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിലവിൽ എത്ര ഫയലുകൾ ഉണ്ടെന്നും ഈ ഫയലുകൾ കൈകാര്യം ചെയ്യാൻ എത്ര ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഉൾപ്പെടെയുള്ള അപേക്ഷകളിൽ ഡി.എച്ച്.എസ്. ജീവനക്കാരുടെ ക്ലെയിമുകൾ തീർപ്പാക്കുന്നതിനും മറ്റ് ഓഫീസുകളിൽ നിന്നും വരുന്ന ക്ലെയിമുകളിൽ തീർപ്പ് കല്പിക്കുന്നതിനും എത്ര ദിവസത്തെ കാലതാമസം ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 16,451 ഫയലുകൾ നിലവിലുണ്ട്. ഈ ഫയലുകൾ കൈകാര്യം ചെയ്യാൻ മൊത്തം 239 ജീവനക്കാരുമുണ്ട്.

(ബി) മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷകളിൽ ഡി.എച്ച്.എസ്. ആഫീസിലെ ജീവനക്കാരുടെയും മറ്റ് ആഫീസിൽ നിന്നും ലഭിക്കുന്ന മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകളും 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും ശ്രമിച്ചുവരുന്നുണ്ട്. എങ്കിലും 14 ജില്ലകളിൽ നിന്നും ധാരാളം അപേക്ഷകൾ ഈ ഓഫീസിൽ ലഭിച്ചുവരുന്നതിനാൽ ചില സന്ദർഭങ്ങളിൽ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യവും നിലവിലുണ്ട്.

പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് നൽകിവരുന്ന വേതനം

62 (8122) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാലിയേറ്റീവ് കെയർ നൽകുന്നതിനായി സേവനമനുഷ്ഠിക്കുന്ന നഴ്സുമാർക്ക് നൽകിവരുന്ന വേതനം എത്രയെന്നും ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയെന്നും വ്യക്തമാക്കാമോ ;